**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1411** **03-02-2026 - ൽ മറുപടിയ്ക്ക്**

**കെ-ടെറ്റിലെ ബഹു. സുപ്രീം കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അധ്യാപക നിയമനങ്ങൾക്ക് നിർബന്ധമായ കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച പുതിയ വിധി പൂർണമായും പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | സിവിൽ അപ്പീൽ നമ്പർ 1385/2025 മേലുള്ള (Anjuman Ishaat-e-Taleem Trust Vs. St ate of Maharashtra & Ors.) 01.09.2025 തീയതിയിൽ കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം അഡ്വക്കേറ്റ് ജനറലിന്റേയും നിയമ വകുപ്പിന്റേയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചിട്ടുണ്ട്. |
| (ബി) | സുപ്രീം കോടതിയുടെ പ്രസ്തുത വിധി സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള കെ-ടെറ്റ് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ; | (ബി) | ആർ.ടി.ഇ. (RTE) നിയമം വന്നതിനുശേഷം എല്ലാ അധ്യാപകർക്കും ടെറ്റ് (TET) യോഗ്യത നിർബന്ധമാണ്. സർവീസിലിരിക്കുന്നവർ 2 വർഷത്തിനകം ഇത് നേടണം; അല്ലാത്ത പക്ഷം വിരമിക്കൽ ഉൾപ്പെടെയുള്ള നടപടികൾ നേരിടേണ്ടിവരുമെന്നാണ് വിധി. കേരളത്തിലെ നിലവിലെ ചട്ടപ്രകാരം 2012 മാർച്ച് 31-ന് മുൻപ് നിയമിതരായവർക്ക് കെ-ടെറ്റിൽ നിന്ന് ഇളവുണ്ട്. കോടതി വിധി ഇത് റദ്ദാക്കുന്നതിന് തുല്യമാണ്. നെറ്റ് (NET), സെറ്റ് (SET), എം.ഫിൽ, പി.എച്ച്.ഡി എന്നിവയുള്ളവർക്കും ചട്ടപ്രകാരം അവകാശികളായ അധ്യാപകർക്കും കെ-ടെറ്റിൽ നിന്ന് ഇളവ് നൽകി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. ഈ ഉത്തരവുകൾ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ നിലനിൽക്കുന്നതായി കാണുന്നില്ല. |
| (സി) | ബഹു. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ കെ-ടെറ്റ് യോഗ്യത, സാധുതാ കാലാവധി, ഒഴിവാക്കൽ (എക്സംപ്ഷൻ), മുൻകാല നിയമനങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നയപരമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025 മേലുള്ള 01.09.2025 തീയതിയിലെ വിധിന്യായത്തിനെതിരെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിനനുസൃതമായി ബഹു. സുപ്രീം കോടതിയിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. G.O.(R t) No. 10572/2025/GEDN തീയതി 27-12-2025 പ്രകാരം സംസ്ഥാനത്തെ |

| | | | |
|---|---|---|---|
| | | | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയനവർഷംവരെ നിയമനം ലഭിച്ച അധ്യാപകർക്കും, ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിക്കേണ്ട അനധ്യാപക ജീവനക്കാർക്കും അതാത് കാറ്റഗറിയിലുള്ള K-TET യോഗ്യത നേടുന്നതിന് 2026 ഫെബ്രുവരിയിൽ പ്രത്യേക പരീക്ഷ നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിനനുസൃത മായി R.T. E ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. കെ-ടെറ്റ് യോഗ്യത ബാധകമാ ക്കിക്കൊണ്ട് G.O.(Ms) No.5/2026/GEDN തീയതി : 13-01-2026 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെയും കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമനം ലഭിച്ചവരുടെയും സേവന സുരക്ഷയെ സംബന്ധിച്ച് വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (ഡി) | കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025 മേലുള്ള 01.09.2025 തീയതിയിലെ വിധിന്യായത്തിനനുസൃതമായി നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അവകാശങ്ങളും സേവന സുരക്ഷയേയും ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | കെ-ടെറ്റ് സംബന്ധിച്ചുള്ള നിയമപരമായ ആശയക്കുഴപ്പം അവസാനിപ്പിക്കുന്നതിനായി സർക്കാർ പുതിയ ചട്ടങ്ങൾ / ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ഇ) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (എഫ്) | നിലവിൽ സർവീസിലുള്ളതും കെ-ടെറ്റ് യോഗ്യത ഇല്ലാത്തവരുമായ അദ്ധ്യാപകർക്ക് പ്രത്യേകമായി കെ-ടെറ്റ് പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (എഫ്) | G.O.(Rt) No. 10572/2025/GEDN തീയതി 27-12-2025 പ്രകാരം സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയന വർഷം വരെ നിയമനം ലഭിച്ച അധ്യാപകർക്കും, ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിക്കേണ്ട അനധ്യാപക ജീവനക്കാർക്കും അതാത് കാറ്റഗറിയിലുള്ള K-T ET യോഗ്യത നേടുന്നതിന് 2026 ഫെബ്രുവരിയിൽ പ്രത്യേക പരീക്ഷ നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ